**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120</u>** **<u>08-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>സംസ്ഥാനത്തെ ടൂറിസം ഹബ്ബ് ആക്കാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ മുഖ്യ വരുമാന മാർഗ്ഗമായി ടൂറിസത്തെ മാറ്റുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ മുഖ്യ വരുമാന മാർഗമായി ടൂറിസത്തെ വളർത്തുന്നതിനുള്ള ആസൂത്രിതമായ പദ്ധതികളാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്. പുതിയ ടൂറിസം ഉത്പന്നങ്ങൾ പുറത്തിറക്കിയും വൈവിധ്യവും നൂതനവുമായ പദ്ധതികൾ നടപ്പാക്കിയും ടൂറിസം മേഖലയിൽ കുതിപ്പുണ്ടാക്കാൻ സാധിക്കുന്നുണ്ട്. ലോക ടൂറിസം മേഖലയിലെ മാറ്റങ്ങൾക്ക് അനുസൃതമായി കേരള ടൂറിസവും പുതിയ സ്ട്രാറ്റജികൾ നടപ്പിലാക്കുകയാണ്. സഞ്ചാരലോകത്തിലെ പുതിയ ട്രെൻഡുകളെ സ്വീകരിക്കാൻ കഴിയും വിധം കേരളടൂറിസം നവീകരിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ കേരളത്തെ ടൂറിസം ഹബ്ബാക്കി മാറ്റാനുള്ള ചുവടുവെയ്പുകളാണ് നടത്തുന്നത്. ടൈം മാഗസിൻ ലോകത്ത് കണ്ടിരിക്കേണ്ട 50 ടൂറിസം കേന്ദ്രങ്ങളെ തെരഞ്ഞെടുത്തപ്പോൾ അതിൽ കേരളവും തെരഞ്ഞെടുക്കപ്പെട്ടത് കോവിഡാനന്തര ടൂറിസം ഭൂപടത്തിൽ നമ്മുടെ അടയാളപ്പെടുത്തലാണ്.<br><br>സംസ്ഥാനത്തേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും അതുവഴി കൂടുതൽ വരുമാനം സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനുമായി നിരവധിയായ പ്രചാരണപരിപാടികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. വിനോദസഞ്ചാരികളുടെ അഭിരുചികളെ അടിസ്ഥാനമാക്കി ഹോംസ്റ്റേ, ആയുർവേദ ടൂറിസത്തിന്റെ പ്രോത്സാഹനം, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ, എന്നിങ്ങനെ ടൂറിസത്തിന്റെ വിവിധങ്ങളായ മേഖലകളിലേക്ക് സഞ്ചാരികളെ |

ആകർഷിക്കുന്നതിനുള്ള മാർക്കറ്റിംഗ് ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു.

വിവിധ പ്രവർത്തനങ്ങളിൽ പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'സ്ട്രീറ്റ്' പദ്ധതി ആവിഷ്കരിച്ചത് ഹബ്ബ് എന്ന ആശയം ഉറപ്പാക്കുന്നതിന് സഹായകരമാകും. ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യു.എൻ. ഡബ്ല്യൂറ്റി.ഒ. യുടെ പുതിയ ടൂറിസം മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 10 പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതിയാണ് സ്ട്രീറ്റ് (STREET- Sustainable Tangible, Responsible, Experiential, Ethnic Tourism hubs).

കേരളം വിനോദസഞ്ചാരികൾക്ക് സന്ദർശിക്കാൻ സുരക്ഷിതം ആണെന്ന സന്ദേശം നൽകുന്നതിനുള്ള റീ അഷ്വറൻസ് ക്യാമ്പയിൻ, സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ വഴി നടപ്പാക്കി വരുന്നു. കോവിഡ് കാലഘട്ടത്തിൽ സഞ്ചാരികളുടെ ഇടയിൽ രൂപപ്പെട്ട ഒരു പുതിയ പ്രവണതയാണ് വിനോദയാത്രയ്ക്കൊപ്പം തന്നെ തങ്ങളുടെ ജോലിയും തുടരുക എന്നത്. പ്രധാനമായും ഇത്തരം സഞ്ചാരികൾ ഹോംസ്റ്റേകളെ ആണ് തങ്ങളുടെ താമസത്തിനായി തെരഞ്ഞെടുക്കുന്നത്. ഇത്തരം സഞ്ചാരികളെ ആകർഷിക്കുന്നതിനായി ലോംഗ് സ്റ്റേയ്സ് ഇൻ കേരള എന്ന ക്യാമ്പയിൻ നടപ്പാക്കിയിട്ടുണ്ട്. കേരളാ ടൂറിസം സാധ്യത കാണുന്ന മറ്റൊരു മേഖലയാണ് വെഡ്ഡിംഗ് ടൂറിസം. നമ്മുടെ പല ടൂറിസം കേന്ദ്രങ്ങളും ഇതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ട്രാവൽപ്ലസ് ലിഷർ മാഗസിന്റെ വായനക്കാർ മികച്ച വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി കേരളത്തെയാണ് തെരഞ്ഞെടുത്തത്. കേരളത്തെ ഒരു വെഡ്ഡിംഗ് ടൂറിസം ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും രൂപം നൽകിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഇന്ത്യയിലെ മെട്രോ സിറ്റിയിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രിന്റ് /സോഷ്യൽ മീഡിയ, ഡിജിറ്റൽ, തീയേറ്റർ, റേഡിയോ പ്രചരണങ്ങളും നടത്തിയിട്ടുണ്ട്. ഈ വർഷം ഇന്ത്യയിലെയും വിദേശത്തേയും പ്രധാനപ്പെട്ട ട്രാവൽ മാർട്ടുകളിൽ കേരളാ ടൂറിസം പങ്കെടുത്തിട്ടുണ്ട്. കൂടാതെ ഇന്ത്യയിലെ മെട്രോ സിറ്റികളിൽ ടൂറിസം പാർട്ട്ണർഷിപ്പ് മീറ്റുകളും ഈ കാലയളവിൽ

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ടൂറിസം മേഖലയുടെ നട്ടെല്ലായ ഈ രംഗത്ത് മുതൽ മുടക്കിയിരിക്കുന്ന സംരഭകരോടൊപ്പം ആണ് ഈ ട്രാവൽ ഫെയറുകളിൽ വകുപ്പ് പങ്കെടുക്കുന്നത്. ഇത് കൂടാതെ കേരളാ ടൂറിസത്തെ സംബന്ധിച്ചടത്തോളം പ്രധാനപ്പെട്ട മാർക്കറ്റുകളായ യു. കെ., യു. എസ്. എ, ജർമനി, ഫ്രാൻസ്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ലക്ഷ്യമിട്ട് പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ നടപ്പാക്കുന്നതാണ്. ഇതോടൊപ്പം തന്നെ വിവിധ മേഖലകളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന സോഷ്യൽ മീഡിയയിൽ ധാരാളം ഫോളവേഴ്സ് ഉള്ള സെലിബ്രിറ്റികൾക്ക് നമ്മുടെ നാട് സന്ദർശിക്കാൻ അവസരമൊരുക്കുന്ന ഫെമിലിയറൈസേഷൻ ടൂർ പദ്ധതിയും തുടർന്നുവരുന്നു.<br><br>ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാർക്ക് കേരളം സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കുന്ന പദ്ധതിയും നടന്നുവരുന്നു. കേരളത്തിലെ പ്രമുഖ ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br><br>പുതിയ മേഖലയായ കാരവാൻ ടൂറിസം പദ്ധതി ആവിഷ്കരിച്ചതും ടൂറിസം പ്രോത്സഹനം മുന്നിൽകണ്ടാണ്. അഗ്രി ടൂറിസം നെറ്റ് വർക്ക് ജലസാഹസിക അക്കാഡമി, സാഹസിക വിനോദസഞ്ചാരം, സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പദ്ധതി, നൈറ്റ് ലൈഫ് ടൂറിസം, ബയോഡൈവേഴ്സിറ്റി- ലിറ്ററി സർക്യൂട്ടുകൾ, ടൂറിസം ക്ലബ്ബുകൾ, ഫുഡ് സ്ട്രീറ്റുകൾ, എൻ ഊര് തുടങ്ങിയ പുത്തൻ പദ്ധതികളിലൂടെ വ്യത്യസ്ത അഭിരുചിയുള്ള സഞ്ചാരികളെ ആകർഷിക്കാൻ കേരളം സജ്ജമാകുകയാണ്. കഴിഞ്ഞ രണ്ടു വർഷമായി മുടങ്ങിയിരുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് രണ്ടാം എഡിഷൻ മത്സരങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. മാത്രമല്ല കോവിഡ് ശമനത്തിന് ശേഷം ഈ വർഷം പൂർവ്വാധികം ഭംഗിയോടെ ഓണാഘോഷം സംഘടിപ്പിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ കേരള ടൂറിസം മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നതിനും കേരള ടൂറിസം വെബ്സൈറ്റ് കൂടുതൽ ഉപയോഗപ്രദമാകുന്ന പദ്ധതികളും നടപ്പാക്കുന്നുണ്ട്. |
| (ബി) | കായൽ, ബീച്ച്, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെ വിനോദസഞ്ചാര വികസനത്തിന് എന്തെല്ലാം | (ബി) | കായൽ ടൂറിസവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ വിനോദ സഞ്ചാര വകുപ്പ് |

| | | |
|---|---|---|
| | പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | നടപ്പാക്കിയിട്ടുണ്ട്. നിരവധി സ്ഥലങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളും നൈറ്റ് ഹാൾട്ട് സെന്ററുകളും കായലോരങ്ങളിൽ നടപ്പാതകളും വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കായൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച പ്രധാന വെല്ലുവിളി, കായലുകളും പരിസര പ്രദേശങ്ങളും അതീവ പരിസ്ഥിതി പ്രാധാന്യമുള്ളതാകയാൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് വിധേയമായി പദ്ധതി നടത്തിപ്പിനാവശ്യമായ ഭൂമി കണ്ടെത്തുക എന്നതാണ്. എന്നിരുന്നാലും കായൽ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ കണക്കിലെടുത്ത് തദ്ദേശ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ആവശ്യമായ ഭൂമി കണ്ടെത്തി ഈ മേഖലയിലെ വിനോദ സഞ്ചാര വികസനത്തിന് അനുയോജ്യമായതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.<br><br>ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ബീച്ചുകൾ മാലിന്യമുക്തമാക്കുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. കൂടാതെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ബീച്ചുകളിൽ ബേപ്പൂർ മാതൃകയിൽ ഫ്ളോട്ടിംഗ് ബ്രിഡ്ജ് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചു വരുന്നു. ജലസാഹസിക ടൂറിസം വളർത്തുന്നതിന് സർഫിംഗ് സ്കൂൾ പദ്ധതിക്കും നാം തുടക്കമിട്ടിട്ടുണ്ട്. ഓരോ ബീച്ചിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ചുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. കോവളം ഡെസ്റ്റിനേഷന്റെ പ്രൗഢി ഉയർത്തുന്നതിനുള്ള വൻകിട പദ്ധതിക്ക് കിഫ്ബി വഴി പദ്ധതി രേഖ തയ്യാറാക്കുകയാണ്.<br><br>ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്ന 'സ്ട്രീറ്റ്', 'പെപ്പർ', 'മോഡൽ ആർ ടി വില്ലേജ്' എന്നീ പദ്ധതികൾ കായൽ, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെയും വിനോദസഞ്ചാര വികസനത്തിന് സാധ്യമാകുന്നുണ്ട്. പ്രാദേശിക ജനസമൂഹത്തിന്റെ തനത് ഉപജീവന മാർഗ്ഗങ്ങളും തൊഴിലും, ടൂറിസവുമായി ബന്ധപ്പെടുത്തി വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ വഴിയും വില്ലേജുകളിൽ വിനോദ സഞ്ചാരികളെ എത്തിക്കുക വഴി ടൂറിസത്തിന്റെ സാധ്യത ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രയോജനപ്പെടുത്തുന്നു. മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ പദ്ധതി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന വിധത്തിൽ ഗ്രാമങ്ങളെ വളർത്തിക്കൊണ്ട് വരുന്നു. കൂടാതെ മൗണ്ടൈൻ ലാൻഡ്സ്കേപ്പിനു വേണ്ടി UNDP - യുമായി ചേർന്ന് IHRML(India High Range Mountain Lanscape) പ്രോജക്ടിൽ ആർ.ടി പ്രോട്ടോകോൾ കൊണ്ട് വന്നിട്ടുണ്ട്. കായൽ, പുഴ, ഉയർന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ടി പ്രോട്ടോകോൾ നടപ്പിലാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. കൂടാതെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലൂടെ വികസിക്കുന്ന പുതിയ ടൂറിസം കേന്ദ്രങ്ങൾ കൂടുതലും ഗ്രാമീണ മേഖലയിലാവും. ആയത് പ്രാദേശിക വികസനത്തിന് കൂടുതൽ ഊർജ്ജം പകരും. |
| (സി) | സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളും പരിശീലനങ്ങളും നടത്തി വരുന്നുണ്ട്. സ്ട്രീറ്റ് പദ്ധതി, സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി, കേരള അഗ്രി ടൂറിസം നെറ്റ് വർക്ക് – വിപുലീകരണം, എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ് വർക്ക് പ്രവർത്തനങ്ങൾ, ടൂറിസം അക്കോമഡേഷൻ യൂണിറ്റുകളിലൂടെ പാരിസ്ഥിതിക സംരക്ഷണം, പ്രാദേശിക ഫലവൃക്ഷങ്ങളുടെ സംരക്ഷണം, ബജറ്റ് അക്കോമഡേഷൻ യൂണിറ്റുകൾ, പുഴ, കായൽ തീര സംരക്ഷണം, സൈക്കിൾ വീഥികളുടെ നിർമ്മാണം, പ്ലാസ്റ്റിക് റീസൈക്ലിംങ്ങും ഇക്കോ ഫ്രണ്ട്ലി ഉല്പ്പന്നങ്ങളുടെ നിർമ്മാണ പരിശീലനങ്ങൾ, ആർ.ടി. ക്ലബ്ബുകൾ, ടൂറിസം സർവീസ് പ്രൊവൈഡർമാരുടെ ഡാറ്റാ ബാങ്ക് രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ വഴി കുറഞ്ഞത് 1,50,000 പേർക്ക് പ്രത്യക്ഷവും പരോക്ഷവുമായി തൊഴിൽ നൽകുവാനും കുറഞ്ഞത് 75,000 പേർക്ക് പരിശീലനം നൽകുവാനും ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു . വർഷം തോറും സാർവ്വ ദേശീയ തലത്തിൽ ഉയർന്നു വരുന്ന നവ പ്രവണതകളുടെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികളും പ്രവർത്തങ്ങളും മിഷൻ ഏറ്റെടുക്കുന്നു. |

സെക്ഷൻ ഓഫീസർ